## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :668 | 29.11. 2018 ൽ മറുപടിക്ക്

# ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി സബ്സിഡി


ചോദ്യം

ശ്രീ. ടി,വി.ഇബ്രാഹിം

" കെ.എൻ.എ.ഖാദർ

" പി.കെ.അബ്ദു റബ്ബ്

" പി.കെ.ബഷീർ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)


| | |
|---|---|
| (എ) ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന വൈദ്യുതി സബ്സിഡി കുറയ്ക്കണമെന്നും സബ്സിഡി തുക ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യണമെന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;<br>(ബി) നിലവിൽ നൽകി വരുന്ന ക്രോസ് സബ്സിഡി നിരക്കിൽ മാറ്റം വരുത്തണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (എ) & (ബി) 2003- ലെ വൈദ്യുതി നിയമത്തിൽ, 61(g) എന്ന വകുപ്പിൽ 2007-ൽ വരുത്തിയ ഭേദഗതി പ്രകാരം വൈദ്യുതി താരിഫ്, വൈദ്യുതി നൽകുന്നതിനുള്ള ശരാശരി ചെലവ് (ACOS) പ്രതിഫലിക്കത്തക്കവിധം, അതതു കമ്മീഷൻ നിശ്ചയിച്ചിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2016-ലെ കേന്ദ്രസർക്കാരിന്റെ താരിഫ് നയത്തിൽ വൈദ്യുതി ഉപഭോക്താക്കളുടെ താരിഫ്, ശരാശരി ചെലവിന്റെ ±20%-നുള്ളിൽ കൊണ്ടു വരുന്നതിനുള്ള മാർഗ്ഗരേഖ അതതു കമ്മീഷൻ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശമുണ്ട്. (ഖണ്ഡിക 8.3)<br><br>30.05.2018-ലെ കരട് നയഭേദഗതിയിൽ 01.04.2019 മുതൽ ക്രോസ് സബ്സിഡികൾ ക്രമമായി കുറച്ച് ശരാശരി ചെലവിന്റെ ±20%-നുള്ളിൽ എത്തുന്നത് ഉറപ്പാക്കണം എന്നുപറയുന്നുണ്ട്. കൂടാതെ 2016-ലെ നയത്തിൽ ക്രോസ് സബ്സിഡിയെ അപേക്ഷിച്ച് നേരിട്ടുള്ള സബ്സിഡിയാണ് മെച്ചം എന്ന് 30.05.2018 – ലെ കരടു ഭേദഗതിയിൽ [ഖണ്ഡിക 8.3(A) (10)] സംസ്ഥാന സർക്കാർ നൽകാൻ ഉദ്ദേശിക്കുന്ന സബ്സിഡി അതതു വിഭാഗം ഉപഭോക്താവിന് നേരിട്ട് കൈമാറ്റം ചെയ്യുന്ന സമ്പ്രദായം (Direct Benefit Transfer Scheme) വഴി വേണമെന്നും പറയുന്നുണ്ട്. എന്നാൽ 2003 - ലെ ഇലക്ട്രിസിറ്റി നിയമത്തിന് വിരുദ്ധമായതിനാലും നിലവിലുള്ള വിവിധ വിഭാഗങ്ങൾ തമ്മിലുള്ള (Intra class) ക്രോസ് സബ്സിഡി കുറവു വരുത്തുവാൻ കഴിയാത്തതിനാലും ഗാർഹിക ഉപഭോക്താക്കളെ |

| | |
|---|---|
| | ദോഷകരമായി ബാധിക്കുമെന്നതിനാലും, ഈ നിർദ്ദേശങ്ങൾ ഒഴിവാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി)കേന്ദ്ര നിർദ്ദേശം നടപ്പാക്കുമ്പോൾ ഗാർഹിക ഉപഭോക്താക്കൾക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ ഭൂരിഭാഗം വരുന്ന ഗാർഹിക ഉപഭോക്താക്കളെയും, താരിഫ് പോളിസിയിൽ നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതികൾ ദോഷകരമായി ബാധിക്കുമെന്നതിനാൽ, അത് നീക്കം ചെയ്യണമെന്ന് കെ.എസ്.ഇ.ബി.എൽ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ